**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5469** **05-07-2024 - ൽ മറുപടിയ്ക്ക്**

**പതിനഞ്ച് വർഷം കഴിഞ്ഞ സർക്കാർ വാഹനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര മോട്ടോർ വാഹന നിയമം അനുസരിച്ച് പതിനഞ്ച് വർഷം കഴിഞ്ഞ സർക്കാർ വാഹനങ്ങൾ നിരത്തിൽ ഇറക്കുന്നതിന് തടസ്സമുണ്ടോ; എങ്കിൽ പതിനഞ്ച് വർഷം കഴിഞ്ഞ പ്രസ്തുത വാഹനങ്ങൾ പൂർണമായും ഒഴിവാക്കുമോ; വിശദമാക്കാമോ; | (എ) | കേന്ദ്ര മോട്ടോർ വാഹന ചട്ടം 52 A പ്രകാരം കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, പഞ്ചായത്തുകൾ, 1950-ലെ Road Transport Corporation Act പ്രകാരം സ്ഥാപിക്കപ്പെട്ട State Transport Undertakings പൊതുമേഖലാ സ്ഥാപനങ്ങൾ, കേന്ദ്ര-സംസ്ഥാന സർക്കാരുകളാൽ നിയന്ത്രിക്കപ്പെടുന്ന സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ 15 വർഷം പൂർത്തിയാകുന്ന മുറയ്ക്ക് റദ്ദ് ചെയ്യപ്പെടുന്നതാണ്. അത്തരം വാഹനങ്ങൾ Registered Vehicle Scrapping Facility സെന്ററുകൾ വഴി നിർമ്മാർജ്ജനം ചെയ്യേണ്ടതുമാണ്. കെ.എസ്.ആർ.ടി.സി. ഉടമസ്ഥതയിലുള്ളതും പതിനഞ്ച് വർഷത്തിൻമേൽ പഴക്കം ഉള്ളതുമായ വാഹനങ്ങളുടെ രജിസ്ട്രേഷൻ കാലാവധി CF പുതുക്കുന്നതിനുള്ള അനുമതിയോടുകൂടി 30/09/2024- വരെ ദീർഘിപ്പിച്ച് നൽകുന്നതിന് സ.ഉ(സാധാ)നം.162/2023/TRANS dtd: 28/04/2023 എന്ന ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത വാഹനങ്ങൾ ഒഴിവാക്കുമ്പോൾ അവ ഓടിച്ചിരുന്ന സ്ഥിരം ഡ്രൈവർമാരുടെ ജോലി ക്രമീകരണം എപ്രകാരമായിരിക്കുമെന്നറിയിക്കാമോ? | (ബി) | സർക്കാർ വകുപ്പുകളിലെ സ്ഥിരം ഡ്രൈവർമാരുടെ ജോലി ക്രമീകരണം സംബന്ധിച്ച് സർക്കാർ യാതൊരു തീരുമാനവും കൈക്കൊണ്ടിട്ടില്ല. കെ.എസ്.ആർ.ടി.സി. യിലെ സ്ഥിരം ഡ്രൈവർമാരുടെ എണ്ണം നിലവിൽ കുറവാണ്. ബസ്സുകൾ കാലാവധി കഴിഞ്ഞ് ഒഴിവാക്കേണ്ടി വരുന്ന സാഹചര്യത്തിൽ സ്ഥിരം ഡ്രൈവർമാർക്ക് ഡ്യൂട്ടി ലഭ്യമാക്കാനുള്ള ക്രമീകരണം നടത്തും. നിലവിൽ ഓപ്പറേറ്റ് ചെയ്തു വരുന്ന സർവ്വീസുകൾ തുടരുന്നതിനും അവയുടെ ഡ്രൈവർമാർക്ക് ജോലിയിൽ |

| | | | |
|---|---|---|---|
| | | | തുടരുന്നതിനും യാതൊരു പ്രതിബന്ധങ്ങളും ഇല്ലാത്തതാണ്. |

സെക്ഷൻ ഓഫീസർ